Kudumbashree
State Poverty Eradication Mission
Local Self Govt.Department, Govt.of Kerala

നം.2264/സി/2013/കെഎസ്എച്ച്ഒ 22.07.2017

# സർക്കുലർ

വിഷയം:- സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) - സിഡിഎസ്സ് അക്കൗണ്ടന്റുമാരുടെ പുതുക്കിയ വേതനം - സംബന്ധിച്ച്.

സൂചന:- 1. 09/06/2017 ലെ സ.ഉ(എം.എസ്) നം.110/2017/തസ്വഭവ
2. 17/03/2017 ലെ ഇതേ നമ്പർ സർക്കുലർ
3. 03/5/2017 ലെ ഇതേ നമ്പർ സർക്കുലർ
4. 04/11/2013 ലെ ഇതേ നമ്പർ സർക്കുലർ

സൂചന (3) പ്രകാരം എല്ലാ ജില്ലയിലെയും ഒഴിവുള്ള തസ്തികകളിൽ എഴുത്തുപരീക്ഷയും അഭിമുഖവും നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ വേണ്ട നിർദ്ദേശം നൽകിയിരുന്നു. ഇങ്ങനെ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും സൂചന (4) സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം നിയമനം നടത്താൻ വേണ്ട നിർദ്ദേശം ഡി.എം.സി സി.ഡി.എസ്സുകൾക്ക് നൽകേണ്ടതാണ്. ഇങ്ങനെ നിയമനം നടത്തുമ്പോൾ ജില്ലയിൽ നിലവിലുള്ള സി.ഡി.എസ് അക്കൗണ്ടന്റ്മാരും സൂചന (4) പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന കരാർ അടിസ്ഥാനമാക്കി സി.ഡി.എസ്സുമായി കരാർ പുതുക്കി നൽകേണ്ടതുമാണ്. പ്രസ്തുത കരാറിൽ സൂചന (1) പ്രകാരമുള്ള പ്രതിമാസ വേതനമാണ് കാണിക്കേണ്ടത്. 2017 ആഗസ്റ്റ് 25 നകം സി.ഡി.എസുകൾ നിയമന ഉത്തരവ് നൽകി അക്കൗണ്ടന്റ്മാരെ നിയമിച്ചു എന്ന് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഉറപ്പാക്കേണ്ടതാണ്.

കൂടാതെ സൂചന (1) പ്രകാരം കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടന്റ്മാരുടെ പ്രതിമാസ വേതനം 12,000/- രൂപയായും, 01/01/2017 ൽ കുടുംബശ്രീയിൽ അക്കൗണ്ടന്റായി 5 വർഷം പൂർത്തിയായവർക്ക് വേതനം 13,000/- രൂപയായും 01/01/2017 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചും നിലവിലെ ചട്ടങ്ങളും വ്യവസ്ഥകളും അനുസരിച്ച് 750/- രൂപ വാർഷിക വർദ്ധനവ്

അനുവദിച്ചും ഉത്തരവായിരുന്നു. ഇതുപ്രകാരമുള്ള വേതനമാണ് പുതിയതായി നിയമിക്കപ്പെടുന്ന അക്കൗണ്ടന്റ്മാർക്ക് നൽകേണ്ടത്. 2017 ജൂലൈ മാസത്തെ വേതനം പുതുക്കിയ നിരക്കിൽ നൽകേണ്ടതാണ്. നിലവിൽ കുടുംബശ്രീയിൽ ജോലി ചെയ്യുന്ന സി.ഡി.എസ് അക്കൗണ്ടന്റ്മാർക്ക് 01/01/2017 മുതലുള്ള കുടിശ്ശിക 2017 ഓഗസ്റ്റ് 15 നകം നൽകേണ്ടതാണ്. എല്ലാ ജില്ലയിലും സി.ഡി.എസ് അക്കൗണ്ടന്റ്മാരുടെ ശമ്പളം മുൻകൂറായി സി.ഡി.എസ്സിന് നൽകേണ്ടതും എല്ലാമാസവും 5-ാം തീയതിക്കു മുമ്പ് സി.ഡി.എസ് അക്കൗണ്ടന്റ്മാർക്ക് ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ചുമതലയും ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്കാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ**
**(കുടുംബശ്രീ)**

എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
കരുതൽ / അധികം

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**